## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം - കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ, അഡിഷണൽ ഡയറക്ടർ എന്നീ തസ്തികകളുടെ പൂർണ്ണ അധിക ചുമതല സർക്കാർ സാധൂകരണത്തിന് വിധേയമായി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം: ബി 1/11073/2017/കോ.വി.വ തീയതി: 24/01/2018

---

പരാമർശം:- സർക്കാർ ഉത്തരവ് നം. 151/2018/ഉ.വി.വ. തീയതി 19/01/2018.

### ഉത്തരവ്

കൊല്ലം, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറായും കോളേജ് വിദ്യാഭ്യാസ അഡിഷണൽ ഡയറക്ടറുടെ താല്ക്കാലിക അധിക ചുമതലയും വഹിച്ചിരുന്ന ഡോ. പി അനിതാ ദമയന്തിയെ മേൽ പരാമർശം ഉത്തരവ് പ്രകാരം സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കേരളയുടെ ഡയറക്ടറായി നോമിനേറ്റ് ചെയ്ത് ഉത്തരവായി. ഡോ. പി. അനിതാ ദമയന്തി കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിന്നും, കോളേജ് വിദ്യാഭ്യാസ അഡിഷണൽ ഡയറക്ടറുടെ അധിക ചുമതലയിൽ നിന്നും 22/01/2018 -ന് വിടുതൽ ചെയ്തു. ഈ സാഹചര്യത്തിൽ കൊല്ലം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ സാമ്പത്തിക അധികാരത്തോട് കൂടിയ പൂർണ്ണ അധിക ചുമതല കാര്യവട്ടം ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾ ആയ ഡോ. ബി. ഉണ്ണികൃഷ്ണൻ നായർക്ക് സർക്കാർ സാധൂകരണത്തിന് വിധേയമായി നൽകി ഉത്തരവാകുന്നു. കൂടാതെ തിരുവനന്തപുരം ആസ്ഥാന കാര്യാലയത്തിലെ കോളേജ് വിദ്യാഭ്യാസ അഡിഷണൽ ഡയറക്ടറുടെ സാമ്പത്തിക അധികാരത്തോട് കൂടിയ പൂർണ്ണ അധിക ചുമതല ഈ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ആയ ഡോ. ഡി.കെ. സതീഷിനും സർക്കാർ സാധൂകരണത്തിന് വിധേയമായി നൽകി ഉത്തരവാകുന്നു.

ഒപ്പ്/-
എം.എസ്. ജയ ഐ എ എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1) പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ് ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
2) ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, കൊല്ലം
3) പ്രിൻസിപ്പാൾ, ഗവൺമെന്റ് കോളേജ്, കാര്യവട്ടം
4) കരുതൽ ഫയൽ/നടപ്പു ഫയൽ

അംഗീകാരത്തോടെ/
സൂപ്രണ്ട്

വൈ.റ്റി. 24/1/18

2575784 GOVERNMENT OF KERALA